"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

കോവിഡ് 19 - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സംഭവനത്തുകകൾ നാഷണലൈസ്ഡ് ബാങ്കുകളിൽ നിക്ഷേപിക്കുന്നത് - അധിക നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.1097/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 05/06/2021

---

പരാമർശം:- 1 29.04.2021-ലെ സ.ഉ.(സാധാ.)929/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2 04.01.2021 തീയതിയിലെ 01/2021/ധന നമ്പർ സർക്കുലർ.

## <u>ഉത്തരവ്</u>

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സംഭവനത്തുകകൾ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് രൂപീകരിച്ച് നിക്ഷേപിച്ച് ഇക്കാര്യത്തിന് മാത്രമായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. ഇക്കാര്യത്തിൽ കുറച്ചുകൂടി വ്യക്തത വരുത്തിക്കൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

സർക്കാർ സ്ഥാപനങ്ങൾ ഇതുപോലുള്ള അക്കൗണ്ടുകളിലൂടെ ഫണ്ടുകൾ കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്നും ബാങ്ക്, ട്രഷറി എന്നിവയുടെ അക്കൗണ്ടുകളുടെ ഉപയോഗം എങ്ങനെയായിരിക്കണമെന്നും പരാമർശം 2 സർക്കുലറിൽ വിവരിക്കുന്നുണ്ട്. ഈ വിഷയത്തിൽ ഇത്തരം ചട്ടങ്ങളുടെ ചട്ടം 3 വിഭാവന ചെയ്യുന്നതൊഴികെ പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ സർക്കാർ ഫണ്ടുകൾ നിക്ഷേപിക്കപ്പെടുകയോ ഇവ വഴി ഇടപാടുകൾ നടത്തുകയോ ചെയ്യാതെ ശ്രദ്ധിക്കണം. കൂടാതെ, കോവിഡ് ദുരിതാശ്വാസവുമായി ബന്ധപ്പെട്ട സംഭാവനകൾ സ്വീകരിക്കാൻ മാത്രമേ ഇവ പ്രവർത്തിക്കുന്നുള്ളൂ എന്നും മറ്റ് യാതൊരു ആവശ്യത്തിനും ഇത് ഉപയോഗിക്കപ്പെടുന്നില്ലെന്നും ഉറപ്പാക്കണം. ഈ അക്കൗണ്ടിൽ നടത്തിയിട്ടുള്ള ഇടപാടുകൾക്ക് യുക്തമായ കണക്കുകൾ സൂക്ഷിക്കേണ്ടതും കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്മെന്റിനെ (കെ.എസ്.എ.ഡി.)ക്കൊണ്ട് അക്കൗണ്ടുകൾ സമയാസമയം ഓഡിറ്റ് നടത്തേണ്ടതുമാണ്. സേവിങ്സ് ബാങ്ക് അക്കൗണ്ട് ആണ് തുറക്കുന്നതെങ്കിൽ അതിനു ലഭിക്കുന്ന പലിശ കോവിഡ് കാര്യങ്ങൾക്ക് മാത്രം ചെലവഴിക്കുവാൻ അനുമതി നൽകേണ്ടതും പ്രത്യേകം കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ

എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ ക്ക്